LIBRARY ARCHIVES Kerala Legislative Assembly

സി.എഫ്. ലാമ്പുകളുടെ പരിസരമലിനീകരണം

70 (416) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ അലക്ഷ്യമായി വലിച്ചെറിയുന്നതിലൂടെയും കൈകാര്യം ചെയ്യുന്നതിലൂടെയും അതിൽ അടങ്ങിയിരിക്കുന്ന മെർക്കുറി വായുവിലും വെള്ളത്തിലും കലർന്ന് ഉണ്ടായി കൊണ്ടിരിക്കുന്ന പരിസരമലിനീകരണവും, ആരോഗ്യ പ്രശ്നങ്ങളും തടയുന്നതിന്, അവ സുരക്ഷിതമായി നശിപ്പിച്ചു കളയുന്നതിന് എന്തെല്ലാം നടപടികളാണ് ഊർജ്ജവകുപ്പ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

ഉപയോഗശൂന്യമായ സി.എഫ്.എൽ., ഫ്ലൂറസെന്റ് ട്യൂബ് എന്നിവ ദോഷരഹിതമായി സംസ്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററിൽ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖാന്തിരം വിശദപഠന റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

സി.എഫ്.എൽ. സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി

71 (417) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപയോഗശൂന്യമായ സി.എഫ്.എൽ. സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; എത് ഏജൻസിയാണ് തയ്യാറാക്കിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) സി.എഫ്.എൽ.-ന്റെ റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പ്രോജക്ട് തയ്യാറാക്കുന്നതിനും റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനും മൂലധനത്തിനും മറ്റ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; ഏതു വർഷമാണ് തുക വകയിരുത്തിയത് ; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഇല്ല, ഉപയോഗശൂന്യമായ സി.എഫ്.എൽ., ഫ്ലൂറസെന്റ് ട്യൂബ് എന്നിവ ദോഷരഹിതമായി സംസ്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ .ചുമതലപ്പെടുത്തിയ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഈ വിഷയത്തിൽ വിശദപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് പഠന വിധേയമാക്കിവരികയാണ്.

(സി) കേരളത്തിൽ റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമാണ് ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ചർച്ചകൾക്കുശേഷം അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ഡി) വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2013-14 ബഡ്ജറ്റിൽ 15 ലക്ഷം രൂപയും 2014-15-ൽ 7 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ഇതുവരെ 11.83 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

സി.എഫ്.എൽ., എൽ.ഇ.ഡി. സംസ്കരണം

72 (418) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എഫ്.എൽ., എൽ.ഇ.ഡി. തുടങ്ങിയ പ്രകാശ ഉപകരണങ്ങളുടെ ഉപയോഗം മനുഷ്യന് ഹാനികരമാണോ എന്നതു പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉപയോഗശൂന്യമായവയുടെ സംസ്കരണം നിലവിൽ നടത്തി വരുന്നത് എങ്ങനെയാണ് ;

(സി) സംസ്കരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് എവിടെയെല്ലാമാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സി.എഫ്.എൽ., എൽ.ഇ.ഡി. തുടങ്ങിയ പ്രകാശ ഉപകരണങ്ങളുടെ ഉപയോഗം ഹാനികരമാണോ എന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടില്ല. സി.എഫ്.എൽ.-കളിൽ അടങ്ങിയിരിക്കുന്ന മെർക്കുറികൊണ്ട് പരിസര മലിനീകരണം ഉണ്ടാകുന്നത് മനുഷ്യന് ദോഷകരമാകാം എന്ന് നിരവധി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.